പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6793 13.07.2012-ൽ മറുപടിക്ക്

## നേമം നിയോജകമണ്ഡലത്തിൽ പകർച്ചപ്പനിയും പകർച്ചവ്യാധികളും തടയുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ശിവൻകുട്ടി | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| നേമം നിയോജകമണ്ഡലത്തിലെ പകർച്ചപ്പനിയും പകർച്ച വ്യാധികളും തടയുവാനും പ്രതിരോധിക്കുവാനും വിവിധ സർക്കാർ ആശുപത്രികൾ മുഖേന കൈക്കൊണ്ടതും നടപ്പിലാക്കിയതുമായ വിവിധ പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കുമോ ? | നേമം ആശുപത്രി (ശാന്തിവിള), കരമന ഗവൺമെന്റ് ഡിസ്പെൻസറി, തിരുവല്ലം പ്രാഥമികാരോഗ്യകേന്ദ്രം എന്നിവയാണ് ആരോഗ്യവകുപ്പിന്റേതായി ഈ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ. ഈ പ്രദേശത്ത് പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനും തടയുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ കൊടുത്തിരിക്കുന്നു.<br><br>1. കൊതുക് നിവാരണ പ്രവർത്തനങ്ങൾ - ഇതിനായി ഉറവിട നശീകരണം, കീടനാശിനി തളിക്കൽ, ആവശ്യമെങ്കിൽ ഫോഗിങ് എന്നിവ നടത്തുന്നു.<br>2. വീട് വീടാന്തരം സന്നദ്ധ പ്രവർത്തകർ 'ആശ' പ്രവർത്തകർ, ആരോഗ്യവകുപ്പ് ജീവനക്കാർ എന്നിവർ ഉൾപ്പെട്ട സ്ക്വാഡ് കിണർ ശുദ്ധീകരിക്കൽ, ബോധവൽക്കരണം എന്നിവ നടത്തി വരുന്നു.<br>3. ആശുപത്രികളിൽ മരുന്നും ജീവനക്കാരുടെ ലഭ്യതയും ഉറപ്പ് വരുത്തിയിട്ടുണ്ട്.<br>4. പ്രദേശത്തെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ജില്ലാതല ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>5. കൊതുകിന്റെ സാന്ദ്രത നിരീക്ഷിക്കുന്നതിന് ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിനെ ചുമതലപ്പെടുത്തി.<br>6. നേമം ആശുപത്രിയിലും തിരുവല്ലം പ്രാഥമികാരോഗ്യകേന്ദ്രത്തിലും എൻ.ആർ.എച്ച്.എം വഴി ഓരോ ഡോക്ടർമാരെ കൂടുതലായി നിയമിച്ചു.<br>7. ഓരോ വാർഡ്/ഡിവിഷനിലും 10000/- രൂപ വീതം ആരോഗ്യവകുപ്പ്, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ